**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1531** **01-02-2024 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റൽ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ഭൂമി തരം മാറ്റത്തിന് ലഭിച്ച ആകെ അപേക്ഷകൾ എത്രയാണെന്ന് വർഷം, റവന്യൂ ഡിവിഷൻ എന്നിവ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ ഭൂമി തരം മാറ്റത്തിന് ലഭിച്ച ആകെ അപേക്ഷകൾ റവന്യൂ ഡിവിഷൻ തിരിച്ചുള്ള പട്ടിക അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഇതിൽ ഓരോ വർഷവും തീർപ്പ് കൽപ്പിച്ച തരം മാറ്റൽ അപേക്ഷകളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കാസർഗോഡ് ജില്ലയിൽ ലഭിച്ച അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ച അപേക്ഷകളുടെ എണ്ണം, വർഷം, റവന്യൂ ഡിവിഷൻ എന്നിവ തിരിച്ചുള്ള പട്ടിക അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | 2024 ജനുവരിയിൽ നടന്ന തരം മാറ്റൽ അദാലത്തിലൂടെ എത്ര അപേക്ഷകൾ തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്ന കണക്കുകൾ നൽകാമോ; | (സി) | 2024 ജനുവരി 20-ന് കാസർഗോഡ് ജില്ലയിൽ നടന്ന തരംമാറ്റ അദാലത്തിൽ തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം റവന്യൂ ഡിവിഷൻ തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>കാസർഗോഡ് - 172<br>കാഞ്ഞങ്ങാട് - 429<br>**ആകെ** - 601 |
| (ഡി) | ഇനിയും എത്ര അപേക്ഷകൾ തീർപ്പുകൽപ്പിക്കാൻ ബാക്കിയുണ്ടെന്ന് അറിയിക്കാമോ; | (ഡി) | തീർപ്പു കൽപ്പിക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ എണ്ണം റവന്യൂ ഡിവിഷൻ തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>കാസർഗോഡ് - 588<br>കാഞ്ഞങ്ങാട് - 3531<br>**ആകെ** - 4119 |
| (ഇ) | ബാക്കിയുള്ള അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പുകൽപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ? | (ഇ) | ബാക്കിയുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന്, 01.09.2023- ലെ സ.ഉ.(കൈ) നം.206/2023/RD ഉത്തരവിന്റെ അടിസ്ഥാനത്തിൽ, അധികജീവനക്കാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതും ഫീൽഡ് പരിശോധനയ്ക്ക് വാഹന സൗകര്യവും ദിവസവേതനാടിസ്ഥാനത്തിൽ സർവ്വെയർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുമുണ്ട്. കൂടാതെ, വില്ലേജ് ഓഫീസ്, കൃഷി ഓഫീസ് എന്നിവിടങ്ങളിൽ നിന്നും റിപ്പോർട്ടുകൾ |

| | | | |
|---|---|---|---|
| | | | അടിയന്തരമായി ലഭ്യമാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഫോറം :5 പ്രകാരമുള്ള അപേക്ഷകളുടെ കാര്യത്തിൽ റവന്യൂ വകുപ്പ് മന്ത്രി ചെയർമാനായ സബ്ജക്റ്റ് കമ്മിറ്റി -2 പ്രത്യേക യോഗം ചേ ർന്ന് റവന്യൂ കൃഷി - തദ്ദേശ വകുപ്പ് തല ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് വിശദമായി ചർച്ച ചെയ്തു. ഫോറം :5 ലെ പരിശോധന വേഗതയിലാക്കാനും, എല്ലാ മാസവും LLMC യോഗം ചേരാനും, അവശേഷിക്കുന്ന മുൻസി പ്പാലിറ്റികളിൽ ഡാറ്റാ ബാങ്ക് ഫെബ്രുവരിയിൽ പൂർത്തിയാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>മേൽ നടപടികൾക്ക് പുറമെ, മന്ത്രി/ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ ലാൻഡ് റവന്യൂ കമ്മീഷണർ തലത്തിൽ കൃത്യമായ ഇട വേളകളിൽ യോഗം നടത്തി, അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി അവലോകനം ചെയ്യുകയും, അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ ബുദ്ധിമുട്ടുകൾ ചർച്ച ചെയ്ത്, തീർപ്പാക്കൽ വേഗത്തിലാക്കാവാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകി വരുകയും ചെയ്യുന്നുണ്ട്.<br><br>മാത്രമല്ല, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷൻ ഓഫീസർമാർക്ക് നിർണ്ണയിച്ചിട്ടുള്ളതും അപ്രകാരം അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന്, സംസ്ഥാനത്തെ ഡെപ്യൂട്ടി കളക്ടർറാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് കൂടി അധികാരം നൽകി, അവരെയും അപേക്ഷകൾ തീർപ്പാക്കുന്നതിനായി നിയോഗിക്കുന്നതിന് അധികാരപ്പെടുത്തുന്ന 2023-ലെ കേരള നെൽവയൽ തണ്ണീർത്തട (ഭേദഗതി) ബിൽ ബഹു. നിയ മസഭ പാസ്സാക്കിയിട്ടുള്ളതും ആയത് ബഹു. ഗവർണറുടെ അംഗീകാരത്തിനായി നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

| കാസർഗോഡ് | | കാഞ്ഞങ്ങാട് | |
|---|---|---|---|
| **വർഷം** | **അപേക്ഷകളുടെ എണ്ണം** | **വർഷം** | **അപേക്ഷകളുടെ എണ്ണം** |
| 2018-2021 | 1332 | 2018-2021 | 8187 |
| 2022 | 632 | 2022 | 3053 |
| 2023 | 746 | 2023 | 3095 |
| 01.01.2024 മുതൽ 26.01.2024 വരെ | 79 | 01.01.2024 മുതൽ 26.01.2024 വരെ | 295 |
| ആകെ | 2789 | ആകെ | 14630 |

| കാസർഗോഡ് | | കാഞ്ഞങ്ങാട് | |
|---|---|---|---|
| **വർഷം** | **തീർപ്പ് കൽപ്പിച്ച അപേക്ഷകളുടെ എണ്ണം** | **വർഷം** | **തീർപ്പ് കൽപ്പിച്ച അപേക്ഷകളുടെ എണ്ണം** |
| 2018-2021 | 1332 | 2018-2021 | 8082 |
| 2022 | 143 | 2022 | 286 |
| 2023 | 534 | 2023 | 2221 |
| 01.01.2024 മുതൽ 26.01.2024 വരെ | 192 | 01.01.2024 മുതൽ 26.01.2024 വരെ | 510 |
| **ആകെ** | 2201 | **ആകെ** | 11099 |

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തരംമാറ്റത്തിനായുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി രണ്ട് വർഷത്തേയ്ക്ക്, താൽക്കാലിക തസ്തിക സൃഷ്ടിച്ച്, സ്ഥാനക്കയറ്റം വഴിയും പി.എസ്.സി. മുഖേനയും സ്ഥിര ജീവനക്കാരെ നിയമിക്കുന്നതിന് -അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(കൈ) നം.206/2023/RD തീയതി,തിരുവനന്തപുരം, 01-09-2023

---

പരാമർശം:-
1. 22.02.2022-ലെ സ.ഉ (കൈ) നം.56/2022/RD ഉത്തരവ്.
2. 26.11.2022-ലെ സ.ഉ (കൈ) നം.278/2022/RD ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22.05.2023-ലെ 3045/2022-LR-R1 നം.റിപ്പോർട്ട്.

**ഉത്തരവ്**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തുടർന്ന്, പൊതു താല്പര്യം പരിഗണിച്ച്, ശേഷിക്കുന്ന അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനായി, സേവനകാലാവധി വീണ്ടും ദീർഘിപ്പിക്കുകയില്ല എന്ന നിബന്ധനയോടെ, പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിച്ച താത്ക്കാലിക ജീവനക്കാരുടെ സേവനം, 179 ദിവസ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, ഒരു ദിവസത്തെ ഇടവേള നല്കിയശേഷം, താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി 1 7 9 ദിവസത്തേക്കുകൂടി ദീർഘിപ്പിച്ചു കൊണ്ട് പുനർനിയമിക്കുന്നതിനും, അനുവദിച്ച അനുബന്ധ സൗകര്യങ്ങളുടെ കാലാവധി 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിനും, പരാമർശം (2) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. ഭൂമി തരംമാറ്റം പോലുള്ള ഫയലുകൾ അടിയന്തിരമായി തീർപ്പാക്കേണ്ടതുണ്ട് എന്നതിനാൽ, ആയത്, റവന്യൂ ഡിവിഷണൽ ആഫീസുകളിലെ നിലവിലുള്ള മാനുഷിക ശേഷിക്ക് അപ്രാപ്യമായ സംഗതിയാണെന്നും, ആയതിനാൽ ജൂനിയർ സൂപ്രണ്ടുമാരുടെയും സീനിയർ ക്ലാർക്കുമാരുടെയും താത്ക്കാലിക തസ്തിക സൃഷ്ടിച്ച്, ടി തസ്തികകളിലേയ്ക്ക് താത്ക്കാലികമായി ജീവനക്കാരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്നും, പരാമർശം (1)-ലെയും പരാമർശം (2)-ലെയും ഉത്തരവുകൾ പ്രകാരം ജോലി ചെയ്തിരുന്ന താത്ക്കാലിക ജീവനക്കാരുടെ കാലാവധി 02.06.2023 തീയതി മുതൽ അവസാനിച്ച സാഹചര്യത്തിൽ, പരാമർശം ( 3 ) പ്രകാരം, ലാൻഡ് റവന്യൂ കമ്മീഷണർ

ആവശ്യപ്പെട്ടിരുന്നു.

4. ലാൻഡ് റവന്യൂ കമ്മീഷണറുടെ ടി നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ഭൂമി തരം മാറ്റത്തിന് കുടിശ്ശികയായി കിടന്ന ഓഫ് ലൈൻ അപേക്ഷകൾ തീർപ്പാക്കുന്നതിന്, മേൽ പ്രകാരം ലഭ്യമാക്കിയ അധിക സൗകര്യങ്ങൾ വളരെയേറെ പ്രയോജനപ്പെടുകയുണ്ടായി. സംസ്ഥാനത്താകെ, നിലവിൽ, തരം മാറ്റത്തിനായി ലഭിച്ച 2 ലക്ഷത്തിലധികം ഓൺലൈൻ അപേക്ഷകൾ തീർപ്പാക്കാനായുള്ളതാണ്. കൂടാതെ, പ്രതിദിനം 500-ൽ അധികം ഓൺലൈൻ അപേക്ഷകൾ, സംസ്ഥാനത്താകെയുള്ള റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ലഭിച്ച കൊണ്ടിരിക്കുന്നുമുണ്ട്. മാത്രമല്ല, പരാമർശം (1)-ലെയും പരാമർശം (2)-ലെയും ഉത്തരവുകൾ പ്രകാരം ജോലി ചെയ്തിരുന്ന താത്ക്കാലിക ജീവനക്കാരുടെ കാലാവധി 02.06.2023 തീയതി മുതൽ അവസാനിച്ച സാഹചര്യത്തിൽ, എല്ലാ ജീവനക്കാരും പിരിഞ്ഞു പോയിട്ടുമുണ്ട്.

5. തരംമാറ്റവുമായി ബന്ധപ്പെട്ട വിവിധ രേഖകളുടെ പരിശോധന, വില്ലേജ് ഓഫീസർ / കൃഷി ഓഫീസർ എന്നിവർ സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ പരിശോധന, പരിവർത്തന ഫീസ് കണക്കുകൂട്ടൽ, സ്ഥലപരിശോധന ഉറപ്പാക്കേണ്ട കേസുകളിൽ KSREC റിപ്പോർട്ട് ശേഖരിച്ച് പരിശോധിക്കൽ എന്നിവയും, കൂടാതെ, വൈകിയുള്ള ജനന-മരണ രജിസ്ട്രേഷൻ, മജിസ്റ്റീരിയൽ നടപടിക്രമങ്ങൾ, രക്ഷാകർത്താക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമം സംബന്ധിച്ച നിയമം, ഭൂമിയുടെ ന്യായവില നിർണ്ണയം, CrPC വകുപ്പ് 174, 133, പ്രകാരമുള്ള നടപടികൾ, പലവിധ അപ്പീലുകൾ, എന്നിങ്ങനെ അനവധി ചുമതലകൾ, ദിനംപ്രതി, റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ സമയബന്ധിതമായി കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ, ജോലി ഭാരത്തിന് അനുസരിച്ചുള്ള ജീവനക്കാർ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിലവിലില്ലാത്തതാണ് .

6. ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി, താത്ക്കാലിക ജീവനക്കാരെ ഇനി നിയമിക്കണമെങ്കിൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പുതിയ ലിസ്റ്റ് ആവശ്യപ്പെട്ട് അതിൽ നിന്നും അഭിമുഖം നടത്തി നിയമിക്കണം. ആയതിന് തന്നെ ആറുമാസത്തോളം സമയം വേണ്ടിവരും. ഇത്തരത്തിൽ നിയമിക്കുന്ന ജീവനക്കാർക്ക് യൂസർനെയിം, പാസ്സ്‌വേർഡ് എന്നിവ നൽകാനോ റസ്പോൺസിബിലിറ്റി ഫിക്സ് ചെയ്യാനോ കഴിയില്ല. കൂടാതെ, ഭൂമി തരംമാറ്റത്തിനായുള്ള ഓൺലൈൻ അപേക്ഷകളെ സംബന്ധിച്ച്, ഇൻറർ മീഡിയറി ഓഫീസർമാരായ ജൂനിയർ സൂപ്രണ്ടുമാരുടെ എണ്ണവും കൂടുതലായി ആവശ്യമാണ്.

7. 2022-23 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഓൺലൈൻ അപേക്ഷകളുടെ തീർപ്പാക്കലിലൂടെ മാത്രം 385.79 കോടി രൂപ സർക്കാർ ഖജനാവിലേക്ക് എത്തി ചേർന്നിട്ടുള്ളതാണ്. ഇപ്രകാരം, ഭൂമി തരംമാറ്റ അപേക്ഷകളുടെ തീർപ്പാക്കലിലൂടെ, ഓരോ വർഷവും സർക്കാരിലേക്ക് ചുരുങ്ങിയത് 200 കോടി രൂപ ലഭിക്കുന്നതുമാണ്.

8. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, ഭൂമി തരംമാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനും, തുടർന്നും ലഭിച്ച കൊണ്ടിരിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനുമായി, രണ്ട് വർഷത്തിനു ശേഷം വരുന്ന ഒഴിവുകളിൽ ജീവനക്കാരെ ആഗിരണം ചെയ്യാം എന്ന നിബന്ധനയിൽ, രണ്ട് വർഷത്തേയ്ക്ക് താത്ക്കാലിക തസ്തിക സൃഷ്ടിച്ച്, **6 8 ജൂനിയർ സൂപ്രണ്ട് മാരെ സ്ഥാനക്കയറ്റത്തിലൂടെയും, 181 ക്ലാർക്കുമാരെ പബ്ലിക് സർവ്വീസ് കമ്മീഷൻ** മുഖേനയും നിയമിക്കുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു. കൂടാതെ, മുമ്പ് സേവനമനുഷ്ഠിച്ചിരുന്ന **140 സർവ്വേയർമാരിൽ നിന്നും, പ്രവർത്തന മികവ് പുലർത്തിയിട്ടുള്ള 123 സർവ്വേയർമാരെ, താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക്**

**വിധേയമായി, ദിവസവേതന അടിസ്ഥാനത്തിൽ** 179 ദിവസത്തേക്ക് കൂടി നിയമിക്കുന്നതിനും, ഫീൽഡ് പരിശോധനയ്ക്കായി 220 വാഹനങ്ങൾ വാടകയ്ക്ക് ഒരു വർഷത്തേക്ക് അനുവദിച്ചും ഉത്തരവാകുന്നു .

9. കോട്ടയം ജില്ലയിൽ, മേൽ സ്ഥാനക്കയറ്റങ്ങളും നിയമനങ്ങളും , തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം അവസാനിക്കുന്ന മുറയ്ക്ക് മാത്രം ബാധകമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ്റവന്യൂകമ്മീഷണർ,തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
ധനകാര്യവകുപ്പ് ( 26.07.2023-ലെEXP-D1/25/2022-FIN പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം............................പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A&E) , കേരളം, തിരുവനന്തപുരം.
ഐ & പി. ആർ. ഡി വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kadeeja A A
സെക്ഷൻ ഓഫീസർ
Date: 01-09-2023 15:59:28

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്